II ഇ.ബി. XV- കേരള നിയമസഭ/VIII-12

**പതിനഞ്ചാം കേരള നിയമസഭ**

എട്ടാം സമ്മേളനം

**ചോദ്യോത്തരങ്ങൾ - സംഗ്രഹം**

2023 മാർച്ച് 6, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

57 (*331) സംരംഭക വർഷം പദ്ധതി

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, 2022-23 സംരംഭക വർഷമായി പ്രഖ്യാപിച്ച് ഒരു ലക്ഷം സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്ന 'സംരംഭക വർഷം' പദ്ധതി വിവിധ വകുപ്പുകളുടെ സഹകരണത്തോടെ നടപ്പാക്കിവരുന്നുണ്ടെന്നും പുതിയ സംരംഭങ്ങളുടെ രൂപീകരണത്തിനും നിലവിലുള്ളവയുടെ വളർച്ചയ്ക്കും അനുയോജ്യമായ വ്യവസായ അന്തരീക്ഷം സൃഷ്ടിക്കുകയെന്നതാണ് പദ്ധതിയുടെ ലക്ഷ്യമെന്നും ബഹുമാനപ്പെട്ട പ്രധാനമന്ത്രി അദ്ധ്യക്ഷത വഹിച്ച ചീഫ് സെക്രട്ടറിമാരുടെ ദേശീയ കോൺഫറൻസിൽ പദ്ധതിയെ 'ബെസ്റ്റ്

പ്രാക്ടീസായി' തെരഞ്ഞെടുത്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്ത് 2023 മാർച്ച് 1 വരെ 134558 സംരംഭങ്ങൾ ആരംഭിക്കുകയും 8039.27 കോടി രൂപയുടെ നിക്ഷേപവും 288769 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് റാങ്ക് 15 ലേയ്ക്ക് ഉയർത്താനും 17.3 ശതമാനം വ്യവസായ വളർച്ച കൈവരിക്കാനും കഴിഞ്ഞിട്ടുണ്ട്. മെന്റർഷിപ് സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും സഹകരണ, സിവിൽ സപ്ലൈസ് വകുപ്പുകളുടെ സഹായത്തോടെ ഉൽപ്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുമെന്നും ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നയങ്ങൾ, വിവിധ പരിശീലന പരിപാടികൾ, വിപണനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ, സംരംഭങ്ങളുടെ സുസ്ഥിരതയ്ക്കും വളർച്ചയ്ക്കുമായി എം.എസ്.എം.ഇ. ക്ലിനിക്കുകൾ തുടങ്ങിയവ ആവിഷ്കരിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 2021-ലെ കേരള സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ (ഭേദഗതി) ആക്ടിന്റെ അടിസ്ഥാനത്തിൽ ഇൻവെസ്റ്റ്മെന്റ് ഫെസിലിറ്റേഷൻ ബ്യൂറോ രൂപീകരിച്ചിട്ടുണ്ട്. 'മേക്ക് ഇൻ കേരള' പദ്ധതിക്കായി 1000 കോടി രൂപ അധികമായി പ്രഖ്യാപിച്ചിട്ടുണ്ട്. തെരഞ്ഞെടുത്ത 1000 സംരംഭങ്ങൾക്ക് നാലുവർഷംകൊണ്ട് ഒരു ലക്ഷം കോടി രൂപ വിറ്റുവരവ് ഉറപ്പാക്കുന്ന സ്കെയിൽ അപ്പ് പദ്ധതി

നടപ്പിലാക്കുന്നതാണ്. സംരംഭങ്ങളുടെ ഡാറ്റ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ യഥാസമയം പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടെന്നും പരാതി പരിഹാരത്തിനായി സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് അഡ്രസ് മെക്കാനിസം യാഥാർത്ഥ്യമാക്കിയിട്ടുണ്ടെന്നും ലൈസൻസിന് അപേക്ഷിക്കുന്ന, പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ പ്രത്യേകമായി ശേഖരിക്കുമെന്നും 10 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ള ചെറുകിട സംരംഭങ്ങൾ വീടുകളിൽ ലൈസൻസില്ലാതെ ആരംഭിക്കുന്നതിന് അനുമതി നൽകാൻ സാധിക്കുമോയെന്ന കാര്യം പരിശോധിക്കുന്നതാണെന്നും കയർ മേഖലയിലെ വിവിധ പ്രശ്നങ്ങളെക്കുറിച്ച് പഠിച്ച് പരിഹാരം നിർദ്ദേശിക്കുന്നതിനായി നിയോഗിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുമെന്നും വിറ്റഴിക്കാത്ത കയറുല്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിനാവശ്യമായ ശിപാർശകൾ സമർപ്പിക്കാൻ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് പരിശോധിച്ചുവരുന്നതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

58 (*332) കശുവണ്ടി വ്യവസായം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സ്വകാര്യ കശുവണ്ടി വ്യവസായത്തെ പുനരുജ്ജീവിപ്പിക്കാൻ തയ്യാറാക്കിയ പാക്കേജിന്റെ ഭാഗമായി വിവിധ ബാങ്കുകളിൽനിന്നും വായ്പയെടുത്ത വ്യവസായികൾക്കായി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 31-12-2022 വരെ പ്രഖ്യാപിച്ചിരുന്നതായും കശുവണ്ടി മേഖലയുടെ പുനരുദ്ധാരണത്തിനായി 37 കോടി രൂപ അനുവദിച്ചതായും 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 58 കോടി രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. കശുവണ്ടി വ്യവസായ മേഖല നേരിടുന്ന പ്രശ്നങ്ങൾ പഠിക്കാനായി നിയോഗിച്ച വിദഗ്ദ്ധ സമിതി സമർപ്പിച്ച ഇടക്കാല റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളുടെ ഇ.എസ്.ഐ.-ഇ.പി.എഫ്. ആനുകൂല്യങ്ങൾക്ക് 20 കോടി രൂപയും സ്ത്രീസൗഹൃദ തൊഴിലിടങ്ങൾ സൃഷ്ടിക്കുന്നതിനും ഷെല്ലിംഗ് യൂണിറ്റുകളുടെ നവീകരണത്തിനുമായി 5 കോടി രൂപ വീതവും വിനിയോഗിക്കാൻ അനുമതി നൽകിയിട്ടുണ്ട്. നടപ്പുസാമ്പത്തിക വർഷം നാളിതുവരെ ആഫ്രിക്കൻ രാജ്യങ്ങളിൽനിന്നുൾപ്പെടെ 9952 മെട്രിക് ടൺ തോട്ടണ്ടി ഇറക്കുമതി ചെയ്ത് കശുവണ്ടി വികസന കോർപ്പറേഷൻ, കാപെക്സ് എന്നിവ മുഖേന വിതരണം

ചെയ്തിട്ടുണ്ടെന്നും 2023-24 സാമ്പത്തിക വർഷം ഐവറികോസ്റ്റിൽ നിന്ന് 5000 മെട്രിക് ടണ്ണും ഘാനയിൽ നിന്ന് 3000 മെട്രിക് ടണ്ണും സംഭരിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെന്നും വിദേശരാജ്യങ്ങളുടെ ഔദ്യോഗിക ബോർഡുകളുമായി ചർച്ച ചെയ്ത് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് നടപടി സ്വീകരിക്കുമെന്നും പ്ലാന്റേഷൻ കോർപ്പറേഷൻ, ഫാമിംഗ് കോർപ്പറേഷൻ, ആറളം ഫാം എന്നിവിടങ്ങളിൽനിന്നും തോട്ടണ്ടി ലഭ്യമാക്കുന്നതിനുള്ള നടപടി പുരോഗമിക്കുന്നതായും കിലോയ്ക്ക് 114 രൂപ നൽകി സഹകരണ സംഘങ്ങൾ മുഖേന നാടൻ തോട്ടണ്ടി സംഭരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. കശുവണ്ടി ഇറക്കുമതിക്ക് പ്രതിവർഷം 100 കോടി രൂപ കേരള ബാങ്കിൽനിന്നും വായ്പയെടുക്കുന്നതിന് കേരള കാഷ്യൂ ബോർഡിന് സർക്കാർ ഗ്യാരന്റി നൽകിയതിനോടൊപ്പം നടപ്പുസാമ്പത്തിക വർഷം 60.85 കോടി രൂപ അനുവദിക്കുകയും 2023-24 സാമ്പത്തിക വർഷം 43.55 കോടി രൂപയുടെ വായ്പാ ധനസഹായം പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. കശുവണ്ടി കോർപ്പറേഷനിലെയും കാപെക്സിലെയും തൊഴിലാളികൾക്ക് വിരമിക്കുന്ന സമയത്ത് തന്നെ ഗ്രാറ്റുവിറ്റി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നതായും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

59 (*333) <u>വ്യവസായ വികസനത്തിൽ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ പ്രാധാന്യം</u>

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, കേരളത്തിന്റെ വികസനത്തിലും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ പ്രധാന പങ്ക് വഹിക്കുന്നുണ്ടെന്നും ഈ മേഖലയുടെ വികസനത്തിനായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നയങ്ങൾ, വിവിധ പരിശീലന പരിപാടികൾ, വിപണനം ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ, സംരംഭക സഹായ പദ്ധതി, മാർജിൻ മണിഗ്രാന്റ്, പലിശ സബ്സിഡി, സമ്മർദ്ദമുള്ള (stressed) വ്യവസായങ്ങൾ/ പ്രവർത്തനരഹിതമായ എം.എസ്.എം.ഇ. യൂണിറ്റുകൾക്കുള്ള സഹായ പദ്ധതികൾ, ഒരു കുടുംബം ഒരു സംരംഭം, മാനുഫാക്ചറിംഗ് മേഖലയിലെ സ്റ്റാർട്ടപ്പുകൾക്കുള്ള സഹായം തുടങ്ങി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലും ഹെൽപ്ഡെസ്ക് വഴിയുള്ള ഇന്റേണിന്റെ സേവനം ലഭ്യമാക്കിയിട്ടുണ്ടെന്നും വനിതാ സംരംഭകർക്കും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും പദ്ധതികളിൽ മുൻഗണനയും നാനോ ഗാർഹിക സംരംഭങ്ങൾക്കുള്ള പലിശ

സബ്സിഡി പദ്ധതിയിൽ 8% വരെ സബ്സിഡി റീഇംബേഴ്സ്മെന്റുവഴിയും നൽകുന്നുണ്ടെന്നും 'ഒരു കുടുംബം ഒരു സംരംഭം' പദ്ധതിയിൽ 10 ലക്ഷം രൂപ വരെയുള്ള ബാങ്ക് വായ്പയുടെ 4% അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധനസഹായമായി നൽകുന്നുണ്ടെന്നും സംരംഭകർക്ക് നൽകുന്ന അവാർഡുകളിൽ സ്ത്രീ സംരംഭകരെയും പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാരെയും പ്രത്യേകം പരിഗണിക്കുന്നുണ്ടെന്നും വ്യക്തമാക്കി. ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനായി ഇ-പോർട്ടൽ രൂപീകരിച്ചിട്ടുണ്ടെന്നും ഓൺലൈൻ വഴിയുള്ള വിൽപ്പന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടെന്നും മേഖലാടിസ്ഥാനത്തിൽ എക്സിബിഷനുകൾ സംഘടിപ്പിക്കുന്നുണ്ടെന്നും കാർഷികോൽപ്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം ഭക്ഷ്യസംസ്കരണ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി കൃഷി/വ്യവസായ വകുപ്പുകൾ സംയുക്തമായി ഒരു മിഷൻ രൂപീകരിച്ചിട്ടുണ്ടെന്നും സംരംഭകരാകാൻ ആഗ്രഹിക്കുന്നവർക്ക് പഞ്ചായത്തുതലത്തിൽ പരിശീലനം നൽകിയിട്ടുണ്ടെന്നും മത്സ്യത്തിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാനുള്ള നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

60 (*334) <u>കിഫ്ബി മുഖേനയുള്ള വൻകിട വികസന പദ്ധതികൾ</u>

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് 60,352.04/- കോടി രൂപയുടെ 1050 അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കും ലാൻഡ് അക്വിസിഷൻ പൂളിൽ ഉൾപ്പെടുത്തി 20000 കോടി രൂപയുടെ ഏഴ് പദ്ധതികൾക്കും കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടെന്നും ഇവ പ്രധാനമായും വ്യവസായ ഇടനാഴികളുടെയും വ്യവസായ പാർക്കുകളുടെയും ദേശീയപാത വികസനത്തിനുമുള്ള സ്ഥലം ഏറ്റെടുക്കുന്നതിനുള്ള പദ്ധതികളാണെന്നും സഭയെ അറിയിച്ചു. ബയോ ലൈഫ് സയൻസ് പാർക്കിനുള്ള തുക നൽകിയിട്ടുണ്ടെന്നും കൊച്ചി - ബാംഗ്ലൂർ വ്യവസായ ഇടനാഴി, കണ്ണൂർ-പാലക്കാട് വ്യവസായ പാർക്ക് എന്നിവയുടെ സ്ഥലമേറ്റെടുക്കൽ നടപടികൾ പുരോഗമിച്ചുവരുന്നതായും പെട്രോകെമിക്കൽ പാർക്ക്, ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ് എന്നിവയുടെ സ്ഥലമേറ്റെടുക്കൽ പൂർത്തീകരിച്ചതായും സംസ്ഥാനത്തിന്റെ സമസ്ത മേഖലകളെയും സ്പർശിക്കുന്ന വികസനമാണ് കിഫ്ബിവഴി പുരോഗമിക്കുന്നതെന്നും അവ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നിർവഹണ ഏജൻസികൾക്ക് സാങ്കേതിക സഹായങ്ങൾ നൽകുന്നതോടൊപ്പം ആവശ്യത്തിന്

സർവ്വേയർമാരെ നിയമിക്കുകയും കൃത്യമായ ഇടവേളകളിൽ പദ്ധതിയുടെ പുരോഗതി സംബന്ധിച്ച് വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നുണ്ടെന്നും വ്യക്തമാക്കി. 50,000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കിഫ്ബിവഴി നടപ്പിലാക്കാൻ വിഭാവനം ചെയ്തിട്ടുള്ളത്. 2023-24 സാമ്പത്തിക വർഷത്തെ ബജറ്റിൽ 2809 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും 15,103.96 കോടി രൂപ സർക്കാരിൽനിന്നും കിഫ്ബിക്ക് നൽകിയിട്ടുണ്ടെന്നും 23,095 കോടി രൂപ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. പൊതുവിദ്യാഭ്യാസ മേഖലയിൽ 2901 കോടി രൂപയുടെ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്നും 1780 കോടി രൂപയുടെ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും എല്ലാ സർവ്വകലാശാലകളിലും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താനായി 600 കോടി രൂപ നീക്കിവച്ചിട്ടുണ്ടെന്നും കിഫ്ബിയുടെ പ്രവർത്തങ്ങൾ സുഗമമായി നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നുണ്ടെന്നും അടുത്ത സാമ്പത്തികവർഷം കിഫ്ബിയുടെയും സർക്കാരിന്റെയും സംയോജിത മൂലധന ചെലവ് ജി.എസ്.ഡി.പി.(ഗ്രോസ് സ്റ്റേറ്റ് ഡൊമസ്റ്റിക് പ്രോഡക്ട്)-യുമായുള്ള താരതമ്യത്തിൽ മികച്ച നിലയിലെത്തുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും കടമെടുപ്പ് പരിധി

ധനമന്ത്രാലയം ഏകപക്ഷീയമായി വെട്ടിക്കുറച്ചെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

## 61 (*335) <u>സഹകരണ പ്രസ്ഥാനത്തെ ശാക്തീകരിക്കുന്നതിനുള്ള നടപടികൾ</u>

സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനുമായി നിരവധി നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സഹകരണ നിക്ഷേപ പ്രോത്സാഹന പുനരുദ്ധാരണ നിധി പദ്ധതി നടപ്പിലാക്കുന്നതാണെന്നും സംഘങ്ങളുടെ വളർച്ചയ്ക്കനുയോജ്യമായ രീതിയിൽ സഹകരണ നിയമത്തിൽ സമഗ്ര നിയമഭേദഗതി വരുത്തുമെന്നും സഭയെ അറിയിച്ചു. ടീം ആഡിറ്റ് സംവിധാനം ഏർപ്പെടുത്തുമെന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും ശാഖകളിലും ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടെന്നും കേരള ബാങ്കിലെ എല്ലാ സേവനങ്ങളും ഓൺലൈനായി ഇടപാടുകാർക്ക് ലഭ്യമാക്കുന്ന പദ്ധതി ആവിഷ്കരിച്ചുവരുന്നുണ്ടെന്നും എല്ലാ വർഷവും സഹകരണ എക്സ്പോ

നടത്തുന്നുണ്ടെന്നും വിവിധ പദ്ധതികളിലായി സംഘങ്ങൾക്ക് സഹായ ധനം അനുവദിക്കുന്നുണ്ടെന്നും വ്യക്തമാക്കി. ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ ഒറ്റ ബ്രാൻഡിന് കീഴിലാക്കി പൊതുട്രേഡ് മാർക്കോടെ ഇ-കോമേഴ്സ് പ്ലാറ്റ്ഫോമിലേയ്ക്ക് കൊണ്ടുവരുന്നതിനും വിദ്യാർത്ഥികൾക്കും യുവജനങ്ങൾക്കും സ്കിൽ ലോണും ചെറുകിട വഴിയോര കച്ചവടക്കാർക്കും ചെറുസംരംഭകർക്കും സൗരോർജ്ജം ഉപയോഗിച്ച് വൈദ്യുതി നിലയങ്ങൾ ആരംഭിക്കുന്ന വ്യക്തികൾക്കും വായ്പയും നൽകുന്ന പദ്ധതികളും ആവിഷ്കരിച്ചുവരുന്നു. കാർഷിക വികസന മുന്നേറ്റത്തിനായി " സാങ്കേതിക വിദ്യാധിഷ്ഠിത കൃഷിയിൽ സഹകരണ മേഖലയുടെ നൂതന പദ്ധതി" ആരംഭിച്ചിട്ടുണ്ടെന്നും കേന്ദ്രസർക്കാർ സഹകരണ മേഖലയിൽ സ്വീകരിച്ചുവരുന്ന നടപടികൾ സഹകരണ പ്രസ്ഥാനത്തെ ദുർബലപ്പെടുത്തുന്നതിന് ഉദ്ദേശിച്ചിട്ടുള്ളതാണെന്നും രാജ്യത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ഏകീകൃത സോഫ്റ്റ്‌വെയർ തയ്യാറാക്കുന്ന പദ്ധതിയിൽ ചേരുന്നതിന് സംഘങ്ങളുടെ രഹസ്യ ഡാറ്റ വ്യക്തിപരമായ വിവരങ്ങൾ സഹിതം കേന്ദ്ര സർവ്വറിലേയ്ക്ക് അപ്‌ലോഡ് ചെയ്യണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കർഷകർക്കും മത്സ്യത്തൊഴിലാളികൾക്കും ക്ഷീര കർഷകർക്കും കൂടുതൽ സേവനങ്ങൾ

ലഭ്യമാക്കുന്നതിനുവേണ്ടി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, ഡയറി സംഘങ്ങൾ, മത്സ്യ സംഘങ്ങൾ എന്നിവയുടെ അടിസ്ഥാന വിവരങ്ങൾ കേന്ദ്ര നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ രൂപീകരിക്കുന്ന മൾട്ടിസ്റ്റേറ്റ് സംഘങ്ങളിൽ സംസ്ഥാനത്തെ സംഘങ്ങൾ അംഗത്വമെടുക്കുന്നതിലൂടെ അത്തരം സംഘങ്ങളെ നിയന്ത്രണത്തിലാക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കപ്പെടുമെന്നും അതിനെതിരെ നിയമനടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുന്നതാണെന്നും മലപ്പുറം ജില്ലാ ബാങ്ക് കേരള ബാങ്കിൽ ലയിച്ച് പ്രവർത്തിച്ചുവരികയാണെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.